# പതിമൂന്നാം കേരള നിയമസഭ
## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം. 529

06.02.2013 ൽ മറുപടിയ്ക്ക്

## ഉത്പാദനമേഖലകളിൽ പുതിയ സംരംഭങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. പാലോട് രവി<br>ശ്രീ. വി. പി. സജീന്ദ്രൻ<br>ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി<br>ശ്രീ. ഐ. സി. ബാലകൃഷ്ണൻ | ശ്രീ. സി. എൻ. ബാലകൃഷ്ണൻ<br>(സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് കാർഷിക ഗ്രാമവികസന ബാങ്കുകൾ മുഖേന ഉത്പാദനമേഖലയിൽ പുതിയ സംരംഭങ്ങൾ ആരംഭിച്ചിട്ടുണ്ടോ; വിശദമാക്കുമോ ; | (എ) സംസ്ഥാന സഹകരണ കാർഷിക ഗ്രാമ വികസന ബാങ്ക്, നബാർഡിന്റെ പുനർ വായ്പ ഉപയോഗിച്ച് പ്രാഥമിക കാർഷിക വികസന ബാങ്കിലൂടെ ഉത്പാദന മേഖലയിലുള്ള എല്ലാത്തരം സംരഭങ്ങൾക്കും ദീർഘകാല വ്യക്തിഗത വായ്പകൾ നൽകി വരുന്നു. |
| (ബി) ഇവയുടെ ഉദ്ദേശ്യലക്ഷ്യങ്ങളും പ്രവർത്തനരീതിയും എന്തൊക്കെയാണ്; വിശദാംശങ്ങൾ അറിയിക്കുമോ ; | (ബി) വ്യവസായ സംരംഭങ്ങൾ തുടങ്ങുന്നതുൾപ്പെടെയുള്ള വായ്പകൾ നൽകുന്നതിലൂടെ, പുതുതായി വ്യവസായങ്ങൾ തുടങ്ങുന്നതിനും, തദ്വാരാ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും കഴിയുന്നുണ്ട്. അതോടൊപ്പം ഉത്പാദന മേഖലയുടെ സമഗ്ര പുരോഗതിയും ലക്ഷ്യമിട്ടാണ് വായ്പകൾ നൽകുന്നത്. |
| (സി) പ്രസ്തുത സംരംഭങ്ങൾക്ക് ദീർഘകാല സംരംഭക വായ്പ നൽകുന്നുണ്ടോ; വിശദമാക്കുമോ ; | (സി) ദീർഘകാല സംരംഭ വായ്പകൾ നൽകുന്നുണ്ട്. കാർഷിക മേഖലയിലുള്ള അത്തരം വായ്പകൾ പരമാവധി 15 വർഷവും, കാർഷികേതര മേഖലയിലെ വായ്പകൾ പരമാവധി 10 വർഷവും കാലാവധിയിലാണ് നൽകി വരുന്നത്. |

| | | |
|---|---|---|
| (ഡി) | ഏതെല്ലാം ഉത്പാദക മേഖലകളിലാണ് പുതിയ സംരംഭങ്ങൾക്ക് വായ്പ നൽകുന്നത് ; വിശദമാക്കുമോ ? | (ഡി) നിലവിൽ കാർഷിക, കാർഷികേതര, വ്യാവസായിക മേഖലകളിലാണ് ബാങ്ക് ഉൽപാദന വായ്പകൾ നൽകി വരുന്നത്. നിലവിൽ 50 ലക്ഷം രൂപ വരെ വ്യക്തിഗത വായ്പകൾ മേൽ ആവശ്യങ്ങൾക്ക് നൽകി വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ